# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രണ്ടു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ചിലി പ്രസിഡന്റ് ഗബ്രിയേൽ ബോറിക് നാളെ ഇന്ത്യയിലെത്തും.

   Chilean President Gabriel Boric to arrive in India tomorrow on a two-day official visit.

2. ആരോഗ്യ അടിസ്ഥാനസൗകര്യ മേഖലയിൽ വൻതോതിലുള്ള വികസനപ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Modi Govt Has Transformed India's Health Infrastructure Over the Last Decade, Says HM Amit Shah.

3. കേന്ദ്ര സർക്കാർ ജീവനക്കാർക്കുള്ള ഏകീകൃത പെൻഷൻ പദ്ധതി നാളെ മുതൽ പ്രാബല്യത്തിൽ.

   UPS for Central Government employees to come into effect from Tuesday.

4. രാജ്യത്തെ ഗ്രാമീണ യുവാക്കൾ, സ്റ്റാർട്ടപ്പുകൾ ആരംഭിക്കണമെന്ന് കേന്ദ്ര മന്ത്രി ജി കിഷൻ റെഡ്ഡി.

   Union Coal Mines Minister G Kishan Reddy today called upon youth especially from Districts and rural areas to come up with their startups and enterprises.

5. മ്യാൻമർ ഭൂകമ്പത്തിൽ മരണസംഖ്യ 2000 കവിഞ്ഞു; മാനുഷിക സഹായമെത്തിച്ച് ഇന്ത്യ.

   Myanmar Earthquake Death Toll Crosses 2,000; India extends humanitarian assistance.

6. ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ മുംബൈ, കൊൽക്കത്തയെ ബാറ്റിംഗിനയച്ചു.

In IPL cricket, Mumbai won the toss and sent Kolkata in to bat first.

*************************

## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു നാളെ മുംബൈയിൽ റിസർവ് ബാങ്കിന്റെ 90-ാം വാർഷികാഘോഷ സമാപനച്ചടങ്ങിൽ പങ്കെടുക്കും. മുംബൈയിൽ രണ്ടു ദിവസത്തെ സന്ദർശനമാണ് രാഷ്ട്രപതി നടത്തുന്നത്.

*************************

## CHILE PREZ-INDIA

ചിലി പ്രസിഡന്റ് ഗബ്രിയേൽ ബോറിക് നാളെ ഇന്ത്യയിലെത്തും. രണ്ടു ദിവസത്തെ സന്ദർശനത്തിൽ ഉന്നതതല പ്രതിനിധിസംഘം അദ്ദേഹത്തെ അനുഗമിക്കും. ഇരു രാജ്യങ്ങളും തമ്മിലുള്ള 75 വർഷത്തെ നയതന്ത്ര ബന്ധത്തിന്റെ ഓർമ്മ പുതുക്കുന്നതിന് സന്ദർശനം സഹായകമാകും.

*************************

## KATRA - PM

ഉധംപുർ-ശ്രീനഗർ-ബാരാമുള്ള റെയിൽ പാത പൂർത്തിയായി. 272 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് പാത. ഇതിൻറെ ഭാഗമായി കത്രയിൽ നിന്ന് കശ്മീരിലേക്കുള്ള ആദ്യ വന്ദേ ഭാരത് എക്സ്പ്രസ്, പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തമാസം 19-ന് ഫ്ലാഗ് ഓഫ് ചെയ്യും.

*************************

## AMIT SHAH- HISAR VISIT (INTRO)

കേന്ദ്ര സർക്കാർ ആരോഗ്യ അടിസ്ഥാനസൗകര്യ
മേഖലയിൽ നിരവധി വികസനപ്രവർത്തനങ്ങൾ
നടത്തിയതായി ആഭ്യന്തര മന്ത്രി അമിത് ഷാ.
പൊതുജനാരോഗ്യ കേന്ദ്രങ്ങളും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും
സ്ഥാപിക്കുന്നതിനായി 64,000 കോടി രൂപ ചെലവഴിച്ചതായും അദ്ദേഹം
വ്യക്തമാക്കി. ഹരിയാനയിലെ ഹിസാറിൽ മഹാരാജ അഗ്രസെൻ
മെഡിക്കൽ കോളേജിൽ പുതുതായി നിർമ്മിച്ച ഐസിയു ബ്ലോക്ക്
ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

മെഡിക്കൽ കോളേജിൽ സ്ഥാപിച്ച മഹാരാജ അഗ്രസെന്നിൻറെ പ്രതിമ ശ്രീ അമിത് ഷാ അനാച്ഛാദനം ചെയ്തു.

*************************

## PENSION SCHEME

കേന്ദ്ര സർക്കാർ ജീവനക്കാർക്കുള്ള ഏകീകൃത പെൻഷൻ പദ്ധതി നാളെ മുതൽ പ്രാബല്യത്തിൽ. ദേശീയ പെൻഷൻ സംവിധാനത്തിന് കീഴിലാണ് പദ്ധതി. പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻ്റ് അതോറിറ്റി, നേരത്തേ ഏകീകൃത പെൻഷൻ പദ്ധതി സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 23 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**************************

## G Kishan Reddy

രാജ്യത്തെ യുവാക്കൾ, പ്രത്യേകിച്ചും ഗ്രാമീണ യുവാക്കൾ, സ്റ്റാർട്ടപ്പുകൾ ആരംഭിക്കണമെന്ന് കേന്ദ്ര കൽക്കരി ഖനി മന്ത്രി ജി കിഷൻ റെഡ്ഡി അഭ്യർത്ഥിച്ചു. ഹൈദരാബാദിൽ വികാസ് ഭാരത് എൻ്റർപ്രണേഴ്സ് നെറ്റ്‌വർക്ക് ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ടെന്നും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച്, 2047 ഓടെ വികസിത ഭാരതം സാക്ഷാത്കരിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

**************************

## MYANMAR QUAKE

ഭൂകമ്പദുരന്തത്തിൻ്റെ പശ്ചാത്തലത്തിൽ മ്യാൻമറിൽ ഏഴ് ദിവസത്തെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ചു. വെള്ളിയാഴ്ചയുണ്ടായ ഭൂകമ്പത്തിൽ മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയെന്ന് രക്ഷാപ്രവർത്തക സംഘം. 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം വ്യാപകമായ നാശനഷ്ടങ്ങൾക്കും, രണ്ടായിരത്തിലേറെ പേരുടെ മരണത്തിനും ഇടയാക്കി. ഭൂകമ്പത്തിൽ അയൽരാജ്യമായ തായ്‌ലൻഡിൽ മരണസംഖ്യ 19 ആയി ഉയർന്നു.

**************************

## India-Myanmar

ഓപ്പറേഷൻ ബ്രഹ്മയുടെ ഭാഗമായി മ്യാൻമറിലെത്തിയ ഇന്ത്യൻ ദുരന്ത നിവാരണ സംഘം രക്ഷാപ്രവർത്തനങ്ങൾ ആരംഭിച്ചതായി വിദേശകാര്യമന്ത്രാലയം. ഭൂകമ്പബാധിത പ്രദേശങ്ങളിൽ മാനുഷിക സഹായങ്ങൾ എത്തിച്ച ഇന്ത്യൻ സംഘം കാണാതായവർക്കുവേണ്ടിയുള്ള തെരച്ചിലിലും ചികിത്സാ സഹായങ്ങളിലും പിന്തുണ നൽകിവരുന്നതായി മ്യാൻമറിലെ ഇന്ത്യൻ എംബസി അറിയിച്ചു. മാൻഡലെ-യിലേക്കും യാങ്കോണിലേക്കും കൂടുതൽ സഹായവും പിന്തുണയും എത്തിച്ചേർന്നിട്ടുണ്ടെന്നും, ദുരിതബാധിത പ്രദേശങ്ങളിലെ ജനങ്ങളെ സഹായിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും എംബസി വ്യക്തമാക്കി.

**************************

## EID- PREZ, VC, GOVR,PM, CM

രാജ്യമെമ്പാടും ഇസ്‌ലാം മതവിശ്വാസികൾ ഈദ്-ഉൽ-ഫിത്തർ ആഘോഷിക്കുന്നു. രാജ്യതലസ്ഥാനത്തും വിപുലമായ ആഘോഷമാണ് നടക്കുന്നത്. കടുത്തവേനൽച്ചൂടിലും കേരളത്തിൽ വിശ്വാസികൾ ഒത്തുകൂടി ആഘോഷങ്ങളിൽ പങ്കെടുത്തു. ഈദ് ഗാഹുകളിലും പള്ളികളിലും പ്രാർഥനയ്ക്കൊപ്പം ലഹരിവിരുദ്ധ സന്ദേശവും നൽകി. മുണ്ടക്കൈ, ചൂരൽമല നിവാസികളും അതിജീവനത്തിന്റെ പെരുന്നാൾ ആഘോഷിച്ചു. സ്വന്തം നാടും ഉറ്റവരും നഷ്ടപ്പെട്ട വേദന ഉള്ളിൽ ഒതുക്കി ചൂരൽമല ജുമാമസ്ജിദിൽ ഒത്തുകൂടിയ വിശ്വാസികൾ പുതുമലയിലെ പൊതുശ്മശാനത്തിൽ എത്തി പ്രാർത്ഥിച്ചാണ് മടങ്ങിയത്.

*************************

## Sabarimala

പൈങ്കുനി ഉത്സവം, മേട മാസ- വിഷു പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് നാലിന് തുറക്കും. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു വിപുലമായ സൗകര്യങ്ങളാണ് ഭക്തർക്കായി ഒരുക്കിയിട്ടുള്ളത്.

*************************

## ANUPRIYA-BISICON (INTRO)

ആയുഷ്മാൻ ഭാരത് പദ്ധതിപ്രകാരം രാജ്യത്ത് ഇതുവരെ 150 ദശലക്ഷം സ്ത്രീകൾക്ക് സ്തനാർബുദ പരിശോധന നടത്തിയതായി കേന്ദ്ര ആരോഗ്യ സഹമന്ത്രി അനുപ്രിയ പട്ടേൽ. ന്യൂഡൽഹിയിൽ ബ്രെസ്റ്റ് ഇമേജിങ് സൊസൈറ്റി ഓഫ് ഇന്ത്യ സംഘടിപ്പിച്ച 'ബിസിക്കോൺ-2025'നെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. രാജ്യത്തെ 30 വയസ്സിനും അതിന് മുകളിലും പ്രായമുള്ളവരിൽ പ്രമേഹം, അർബുദം മുതലായ രോഗങ്ങളുടെ കൃത്യമായ പരിശോധന നടത്തിവരുന്നതായും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*************************

## SHAH- DRUGS

ഡൽഹി കേന്ദ്രമായ വൻ മയക്കുമരുന്ന് ശൃംഖല തകർത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഡൽഹി നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയും - പൊലീസും സംയുക്തമായി നടത്തിയ തെരച്ചിലിൽ 27 കോടി രൂപയിലധികം വിലമതിക്കുന്ന ലഹരിവസ്തുക്കൾ പിടിച്ചെടുത്തു. നാല് ആഫ്രിക്കൻ പൗരന്മാർ ഉൾപ്പെടെ അഞ്ച് പേരെ അറസ്റ്റ് ചെയ്തതായും അദ്ദേഹം അറിയിച്ചു. ഈ പ്രധാന മുന്നേറ്റത്തിന് എൻസിബിയെയും ഡൽഹി പോലീസിനെയും ശ്രീ. ഷാ പ്രശംസിച്ചു.

*************************

## PUNJAB-DRUGS

പഞ്ചാബിൽ മയക്കുമരുന്ന് വ്യാപാരത്തിലേർപ്പെട്ട ഒരാളെ പൊലീസ് അറസ്റ്റ് ചെയ്തു. ഇയാളിൽ നിന്ന് 15 കിലോ ഹെറോയിൻ കണ്ടെടുത്തു.

പാകിസ്ഥാൻ, അമേരിക്ക എന്നിവിടങ്ങളിലെ മയക്കുമരുന്ന് സംഘങ്ങളുമായി ഇയാൾക്ക് ബന്ധമുള്ളതായി പൊലീസ് പറഞ്ഞു. പഞ്ചാബ് സർക്കാർ മയക്കുമരുന്നിനെതിരായ 'യുദ്ധ് നശേയാൻ വിരുദ്ധ്' പ്രചാരണം ആരംഭിച്ചതിനുശേഷം പോലീസ് കണ്ടെടുത്ത ഏറ്റവും വലിയ മയക്കുമരുന്ന് ശേഖരമാണിത്.

************************

## Operation D-Hund

കേരളത്തിൽ ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി പൊലീസ് നടത്തിയ പ്രത്യേക പരിശോധനയിൽ 117 പേർ അറസ്റ്റിലായി. മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 3057 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 107 കേസുകൾ രജിസ്റ്റർ ചെയ്തു.

************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ മുംബൈ ഇന്ത്യൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ബാറ്റിങ്ങിനയച്ചു. മുംബൈയിലെ വാംഖഡെ സ്റ്റേഡിയത്തിലാണ് മത്സരം.

************************

## TENNIS -YUKI BHAMBRI - RANKING

എ.ടി.പി ഡബിൾസ് ലോക റാങ്കിങ്ങിൽ ഇന്ത്യൻ ടെന്നീസ് താരം യുകി ഭാംബ്രി ആദ്യ മുപ്പതിൽ ഇടം നേടി. ഇപ്പോൾ 26-ാം റാങ്കിലാണ് താരം. പുതിയ റാങ്കിങ് വന്നതോടെ രോഹൻ ബൊപ്പണ്ണയെ പിന്തള്ളി ഇന്ത്യയുടെ ഒന്നാംനമ്പർ ഡബിൾസ് താരമായും യുകി ഭാംബ്രി മാറി. നിലവിലെ റാങ്കിങ്ങിൽ 44-ാം സ്ഥാനത്താണ് ബൊപ്പണ്ണ.

************************

## BIHAR ASIA

ഇക്കൊല്ലത്തെ ഏഷ്യാകപ്പ് പുരുഷ ഹോക്കി ടൂർണമെൻ്റിന് ബിഹാർ ആതിഥേയത്വം വഹിക്കും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഹോക്കി ഇന്ത്യയും ബിഹാർ സ്പോർട്സ് അതോറിറ്റിയും ഒപ്പുവച്ചു. ഓഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 7 വരെയാണ് മത്സരങ്ങൾ. ഇന്ത്യ, ദക്ഷിണ കൊറിയ, പാകിസ്ഥാൻ എന്നിവയുൾപ്പെടെ എട്ട് ടീമുകൾ ടൂർണമെൻ്റിൽ മാറ്റുരയ്ക്കും.

************************

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം. ഗോവ - ബംഗളൂരുവിനെയും മോഹൻ ബഗാൻ - ജംഷഡ്പുരിനെയും നേരിടും. അടുത്ത മാസം 12നാണ് ഫൈനൽ.

*************************

## VAISHNAW-CBI LECTURE

സിബിഐയുടെ 62-ാം സ്ഥാപക ദിനം നാളെ. ന്യൂഡൽഹിയിൽ നടക്കുന്ന ആഘോഷപരിപാടിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, ഡിപി കോഹ്‌ലി അനുസ്മരണ പ്രഭാഷണം നടത്തും. ചടങ്ങിൽ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പൊലീസ് മെഡലുകളും സ്തുത്യർഹ സേവനത്തിനുള്ള പൊലീസ് മെഡലുകളും കേന്ദ്രമന്ത്രി സമ്മാനിക്കും. സ്ഥാപക ഡയറക്ടർ ഡി പി കോഹ്‌ലിക്ക് ആദരമർപ്പിച്ച് 2000 മുതൽ സിബിഐ അനുസ്മരണ പ്രഭാഷണം സംഘടിപ്പിക്കുന്നുണ്ട്.

*************************

## FM-PORTAL

നിതി-എൻകെയർ സ്റ്റേറ്റ്സ് ഇക്കണോമിക് ഫോറം പോർട്ടലിന്റെ ഉദ്ഘാടനം ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ന്യൂഡൽഹിയിൽ നിർവ്വഹിക്കും. നിതി ആയോഗും നാഷണൽ കൗൺസിൽ ഓഫ് ഐപ്ലൈഡ് എക്കണോമിക് റിസർച്ചും സംയുക്തമായാണ് പോർട്ടൽ വികസിപ്പിച്ചത്. 1990 മുതൽ 2023 വരെ ഏകദേശം 30 വർഷക്കാലയളവിലുള്ള സാമൂഹിക, സാമ്പത്തിക, ധനകാര്യ, ഗവേഷണ വസ്തുതകളും പ്രബന്ധങ്ങളും ഉൾപ്പെടെ സമഗ്രമായ വിവരങ്ങൾ പോർട്ടലിൽ ലഭ്യമാണ്.

*************************

## ALLAHABAD HC - TRANSFER

ഉത്തർപ്രദേശിൽ, അലഹബാദ് ഹൈക്കോടതിയിലെ 582 ജുഡീഷ്യൽ ഓഫീസർമാരെ സ്ഥലം മാറ്റി. ഇതിൽ അഡീഷണൽ ജില്ല-സെഷൻസ് ജഡ്ജിമാരും സീനിയർ-ജൂനിയർ ഡിവിഷനുകളിലെ സിവിൽ ജഡ്ജിമാരും ഉൾപ്പെടുന്നു. എല്ലാ ജഡ്ജിമാരോടും ഉടൻ പുതിയ തസ്തികകളിൽ പ്രവേശിക്കാൻ നിർദേശിച്ചിട്ടുണ്ട്. കാൺപുരിലാണ് ഏറ്റവും കൂടുതൽ സ്ഥലംമാറ്റം. ഇവിടെ 13 ജഡ്ജിമാരെ പുനർനിയമിച്ചു.

*************************

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢിലെ ദന്തേവാഡ ജില്ലയിൽ സുരക്ഷാസേനയും മാവോയിസ്റ്റുകളും തമ്മിലുള്ള ഏറ്റുമുട്ടലിൽ വനിതാ മാവോയിസ്റ്റ് കൊല്ലപ്പെട്ടു. സംഭവ സ്ഥലത്തുനിന്ന് സ്ഫോടക വസ്തുക്കൾ കണ്ടെടുത്തു.

*************************

## WAVES

മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന വേവ്സ് ഉച്ചകോടിയുടെ ആദ്യപതിപ്പിൽ കരുത്തുറ്റ സാന്നിധ്യമറിയിക്കാൻ ഒരുങ്ങുകയാണ് വേവ്സ് ബസാർ. കേന്ദ്രസർക്കാരാണ് മാധ്യമ-വിനോദ മേഖലയിലെ നാഴികക്കല്ലായ പ്രഥമ ദൃശ്യ-ശ്രവ്യ-വിനോദ ഉച്ചകോടി WAVES ഒരുക്കുന്നത്.